# പത്രക്കുറിപ്പ്

## ഗുണ്ടകൾക്കെതിരെ ശക്തമായ നടപടികളുമായി കൊച്ചി സിറ്റി പോലീസ്.

കൊച്ചി സിറ്റിയിൽ ഗുണ്ടകളെയും ഗുണ്ടാ പ്രവർത്തനങ്ങളെയും അമർച്ച ചെയ്യുന്നതിനും **"സിറ്റി ടാസ്ക് ഫോഴ്സ്"** (CTF) എന്ന പേരിൽ പ്രത്യേക പോലീസ് സംഘത്തെ നിയോഗിച്ചു. കൊച്ചി റേഞ്ച് ഐ.ജി ശ്രീ. എസ്. ശ്രീജിത്ത് IPS ന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പോലീസ് ഡെപ്യൂട്ടി കമ്മീഷണർ (L&O,Traffic) ഡോ. അരുൾ ആർ.ബി കൃഷ്ണ IPSന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഈ പ്രത്യേക ടീമിൽ ഗുണ്ടാ വിരുദ്ധ പ്രവർത്തനങ്ങളിൽ മികവ് തെളിയിച്ചിട്ടുള്ള പരിചയ സമ്പന്നരായ പോലീസ് ഉദ്യോഗസ്ഥരെയാണ് നിയോഗിച്ചിട്ടുള്ളത്. ജില്ലാ രഹസ്യാന്വേഷണ വിഭാഗത്തിന്റെ ശക്തമായ പിൻതുണയോടെ പ്രവർത്തിക്കുന്ന **"സിറ്റി ടാസ്ക് ഫോഴ്സ്"** (CTF) നഗരത്തിലെ ഗുണ്ടാ സംഘങ്ങളുടെ പ്രവർത്തനങ്ങളെ കർശനമായി അമർച്ച ചെയ്യുന്നതാണ്. ഇതിലേക്കായി ഗുണ്ടാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടു വരുന്നവരും ടിയാന്മാരുടെ കൂട്ടാളികളും ഇവരോട് ബന്ധപ്പെടുന്നവരുമെല്ലാം പോലീസിന്റെ കർശനമായ നിരീക്ഷണത്തിലാണ്.

റിയൽ എസ്റ്റേറ്റ് മേഖല, നിലം നികത്തൽ, മയക്കമരുന്ന് എന്നിങ്ങനെയുള്ള വിവിധ മേഖലകളുമായി എല്ലാം ബന്ധപ്പെട്ട് ഗുണ്ടാ സംഘങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് എന്തെങ്കിലും വിവരങ്ങൾ ലഭ്യമാകുന്നുവെങ്കിൽ ആ വിവരം **9497980430** എന്ന നമ്പറിൽ അറിയിക്കാവുന്നതാണ്. ലഭ്യമാകുന്ന വിവരങ്ങളിൽ കർശനമായ പോലീസ് നടപടി ഉടനടി സ്വീകരിക്കുന്നതാണ്. വിവരങ്ങൾ നൽകുന്നവരുടെ വിശദാംശങ്ങൾ തികച്ചും രഹസ്യമായി സൂക്ഷിക്കുന്നതാണ്.

ഗുണ്ടകൾക്കെതിരായ അതിശക്തമായ നടപടികൾ സ്വീകരിക്കുന്നതിലേക്കായി പൗരസമൂഹത്തിന്റെ സഹകരണം അഭ്യർത്ഥിക്കുന്നതായും ഇത്തരം നടപടികൾക്ക് ഉതകുന്ന വിവരങ്ങൾ സിറ്റി ടാസ്ക് ഫോഴ്സിന് കൈമാറണമെന്നും കൊച്ചി സിറ്റി പോലീസ് അറിയിച്ചു.

(signature)

കൊച്ചി സിറ്റി ജില്ലാ പോലീസ് മേധാവിക്കു വേണ്ടി.

OFFICE OF THE ASST. COMMISSIONER OF POLICE ★ KOCHI CITY ★ DIST SPECIAL BRANCH